| | | |
|---|---|---|
| കാസർഗോഡ് | - | 0499 4256257 |
| മൊബൈൽ വിജിലൻസ് സ്ക്വാഡ് | | |
| തിരുവനന്തപുരം | - | 0471 2325622 |
| എറണാകുളം | - | 0484 2421089 |
| കോഴിക്കോട് | - | 0495 2724300 |

**വിജിലൻസ് അന്വേഷണ കേസുകൾ**

26(*446) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണ കേസുകൾ അട്ടിമറിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴിമതിക്കാരും അധികാര ദുർവിനിയോഗം നടത്തിയവരും നിയമത്തിന്റെ മുന്നിൽനിന്നും രക്ഷപ്പെടുന്ന അവസ്ഥ ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ആരോപണമുന്നയിക്കപ്പെട്ടതും വിജിലൻസ് അന്വേഷണം നടത്തി നടപടി അവസാനിപ്പിച്ചതുമായ കേസുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണ കേസുകൾ അട്ടിമറിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന അഴിമതി സംബന്ധിക്കുന്ന പരാതികളിന്മേൽ വളരെ ജാഗ്രതയോടെ വിജിലൻസ് അന്വേഷണം/പ്രാഥമിക അന്വേഷണം/സത്വരാന്വേഷണം/ രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും, വകുപ്പുതല നടപടികൾ ആവശ്യമായവരിൽ അതിനായി ശിപാർശ ചെയ്യുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാരിന്റെ കാലത്ത് ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ വിജിലൻസ് കേസ് രജിസ്റ്റർചെയ്തു അന്വേഷണം നടത്തിയും തുടർനടപടികൾ അവസാനിപ്പിക്കുന്നതിനായി ശിപാർശ ചെയ്തുകൊണ്ട് വിജിലൻസ് കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചതുമായ രണ്ടു വിജിലൻസ് കേസുകൾ ഉണ്ട്. ഇതിന്മേൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**പ്രവാസി ക്ഷേമനിധി അംഗത്വം**

27(*447) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാതെപോയ പ്രവാസികൾ നാട്ടിൽ തിരിച്ചെത്തി പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമ പ്രകാരം പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി എത്രയാണ്;

(സി) അറുപത് വയസ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗമാകാൻ കഴിയുന്ന തരത്തിൽ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; അറുപത് വയസ് കഴിഞ്ഞവർക്ക് അംശദായം ഒന്നിച്ചടച്ച് പെൻഷൻ സ്കീമിൽ ചേരാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഈ സർക്കാർ പ്രവാസി പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാത്തതും അംഗത്വ പ്രായപരിധിയായ 60 വയസ് പൂർത്തിയായതുമായ നിരവധി പ്രവാസികൾ പെൻഷൻ ലഭിക്കുന്നതിനായി ബോർഡിനെ സമീപിക്കുന്നുണ്ട്.

(ബി) നിലവിൽ പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായം 18 വയസിനും 60 വയസിനും മധ്യേയാണ്.

LIBRARY ARCHIVES Kerala Legislative Assembly